**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2379 — 23.01.2014 ലെ മറുപടിയ്ക്ക്

**കുന്ദമംഗലത്ത് ഒരു സബ് ട്രഷറി തുടങ്ങുന്നതിന് നടപടി**

**ചോദ്യം** — **ഉത്തരം**

ശ്രീ. പി.ടി.എ. റഹീം

ശ്രീ. കെ.എം. മാണി,
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്ത് ഒരു സബ് ട്രഷറി നിലവിലില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | : | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | : | സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കുന്ദമംഗലം സബ് ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | : | സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ധനകാര്യ വകുപ്പിലെ 85271/എസ്റ്റാ-സി3/2011/ഫിൻ നമ്പർ ഫയലിന്മേൽ ഇതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | : | 2012-2013 സാമ്പത്തിക വർഷം കുന്ദമംഗലത്ത് ഒരു പുതിയ സബ് ട്രഷറി തുടങ്ങുന്ന കാര്യം പരിഗണിക്കാം എന്നു തീരുമാനിച്ചിരുന്നു. എന്നാൽ ട്രഷറി കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം, കോർബാങ്കിംഗ് ഇവ നടപ്പിലാകുന്നതോടെ ട്രഷറികളിലെ ജോലിഭാരം കുറയുമെന്നതിനാലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന തരത്തിൽ അധികമായി പുതിയ ട്രഷറികൾ തുടങ്ങുന്നതിൽ നിന്നും പിൻമാറിയതിന്റെ അടിസ്ഥാനത്തിൽ 85271/എസ്റ്റാ-സി3/2011/ഫിൻ നമ്പർ ഫയലിലെ തീരുമാനം ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ